<u>അണ്വായുധ നിര്വ്യാപനം, നിരായുധീകരണം, എന്ന വിഷയത്തില് ഇന്ത്യാ- ജപ്പാന് ചര്ച്ചകള്</u>

ആഗസ്ത് 26, 2016

അണ്വായുധ നിർവ്യാപനം ,നിരായുധീകരണം, എന്ന വിഷയത്തില് ഇന്ത്യാ- ജപ്പാന് അഞ്ചാം വട്ട ചർച്ചകള് ആഗസ്ത് 23, 2016 നു ന്യൂ ഡെൽഹിയില് നടന്നു . ഇന്ത്യന് വിഭാഗത്തെ വിദേശകാര്യമന്ത്രാലയത്തിലെ ( നിരായുധീകരണം& അന്താരാഷ്ട്ര സുരക്ഷാ കാര്യങ്ങള് ) ജോയിന്റ് സെക്രട്ടറി ശ്രീ അമൻദീപ് സിംഗ് ഗില് നയിച്ചു . ജപ്പാന് വിഭാഗത്തെ ജപ്പാനിലെ വിദേശകാര്യമന്ത്രാലയത്തിലെ അണ്വായുധ നിർവ്യാപനം, നിരായുധീകരണം, ശാസ്ത്ര വകുപ്പ് ഡിറക്ടർ ജനറല് അംബാസഡർ കസുതോഷി ആയികാവാ നയിച്ചു

ചർച്ചകളുടെ ഭാഗമായി ഇരു വിഭാഗവും സമകാലിക അണ്വായുധ നിർവ്യാപനം , നിരായുധീകരണവുമായി ബന്ധപ്പെട്ട വിഷയങ്ങളില് അവരവരുടെ കാഴ്ചപ്പാടുകള് പങ്ക് വച്ചു. അടുത്ത വട്ട ചർച്ചകള് ടോക്കിയോവില് നടക്കും

ന്യൂഡെൽഹി .
ആഗസ്ത് 26, 2016